സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 143 2024 സെപ്തംബർ 19 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇടുക്കി ഡാമിലേക്ക് വെള്ളമെത്തിക്കുന്ന തുരങ്കത്തിന് സമീപം രണ്ട് കുട്ടികളെ കാണാതായി; ഒരാളെ കണ്ടെത്തി

ഇടുക്കി: ഇരട്ടയാറിൽനിന്ന് ഇടുക്കി ജലാശയത്തിന്റെ ഭാഗമായ അഞ്ചുരുളിയിലേക്ക് വെള്ളമെത്തിക്കുന്ന ടണലിന് സമീപം രണ്ട് കുട്ടികളെ കാണാതായി. ഇതിൽ ഒരാളെ നാട്ടുകാർ നടത്തിയ തിരച്ചിലിൽ കണ്ടെത്തി. ഒരു കുട്ടിക്കായി തിരച്ചിൽ തുടരുകയാണ്.

ഇരട്ടയാർ ഡാമിൽന്ന് നാല് കിലോമീറ്റർ നീളുന്ന ടണലിന് സമീപമാണ് കുട്ടികളെ കാണാതായത്. പ്രദേശത്ത് വാടകയ്ക്ക് താമസിക്കുകയായിരുന്നു ഇവരുടെ കുടുംബം.

പൊട്ടിത്തെറിച്ച് പേജറും കമ്പ്യൂട്ടറും അടക്കമുള്ളവ: പുതിയ പോർമുഖം തുറന്ന് ഇസ്രയേൽ; ഇതുവരെ മരണം 32

ബയ്റുത്ത്: മിഡിൽ ഈസ്റ്റിൽ പുതിയ പോർമുഖം തുറന്നതായി പ്രഖ്യാപിച്ച് ഇസ്രയേൽ. ഗാസയിലെ ആക്രമണം ഒരു വർഷത്തോടടുക്കുന്ന സമയത്ത് യുദ്ധം പുതിയ ഘട്ടത്തിലേക്ക് കടന്നതായി ഇസ്രയേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് ആണ് ഇക്കാര്യം പറഞ്ഞത്. ലെബനനിൽ വ്യാപകമായി ഉപകരണങ്ങൾ കേന്ദ്രീകരിച്ചുള്ള സ്ഫോടന പരമ്പര അരങ്ങേറുന്നതിനിടെയാണ് ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ച് ഇസ്രയേൽ രംഗത്തെത്തിയത്.

'നമ്മൾ പുതിയ പോർമുഖം തുറക്കുകയാണ്. ഇതിന് ധൈര്യവും ദൃഢനിശ്ചയവും കഠിനപ്രയത്നവും ആവശ്യമാണ്', യോവ് ഗാലന്റ് സൈനികരോട് ആഹ്വാനം ചെയ്തു. പേജറുകൾക്ക് പുറമേ വോക്കി ടോക്കികൾ പൊട്ടിത്തെറിച്ച് ആക്രമണം രണ്ടാം ഘട്ടത്തിലേയ്ക്ക് കടന്നതോടെ ആകെ മരണം 32 ആയി. പേജറുകളും വോക്കി ടോക്കികളും മാത്രമല്ല, മറ്റുചില ഉപകരണങ്ങളും സ്ഫോടനത്തിന് ഉപയോഗിക്കുന്നുണ്ടെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

നീണ്ട മാസങ്ങളുടെ ആസൂത്രണത്തിന് പിന്നാലെയാണ് ഇസ്രയേൽ ഇത്തരത്തിൽ ഒരു ആക്രമണം നടത്തിയതെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. ചൊവ്വാഴ്ചയാണ് പേജറുകൾ പൊട്ടിത്തെറിച്ച് ഇറാൻ പിന്തുണയുള്ള സായുധസംഘത്തിൽപ്പെട്ട 12 പേർ കൊല്ലപ്പെട്ടത്. 3000 പേജറുകളാണ് ലെബനനിലും സിറിയയിലും പലയിടങ്ങളിലായി ഒരേസമയം പൊട്ടിത്തെറിച്ചത്. മൂവായിരത്തിനടുത്താളുകൾക്ക് പരിക്കേറ്റു. പരിക്കുപറ്റിയ ഇറാന്റെ ലെബനനിലെ സ്ഥാനപതി മുജ്തബ അമീനിയുടെ ഒരു കണ്ണ് നഷ്ടപ്പെട്ടെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടുചെയ്തു.

എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയും മുമ്പേ ബുധനാഴ്ച ഹിസ്ബുള്ള അംഗങ്ങൾ ആശയവിനിമയത്തിന് വ്യാപകമായി ഉപയോഗിക്കുന്ന വോക്കി ടോക്കികളും വ്യാപകമായി പൊട്ടിത്തെറിക്കുകയായിരുന്നു. ഈ ആക്രമണത്തിൽ 20 പേർ കൊല്ലപ്പെട്ടതായാണ് ലെബനൻ ഔദ്യോഗികമായി പുറത്തുവിട്ട കണക്ക്. 450-ലേറെ പേർക്ക് പരിക്കേറ്റതായും ലെബനൻ ആരോഗ്യമന്ത്രാലയം പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

പേജർ, വോക്കി ടോക്കി ആക്രമണങ്ങളിൽ ഇതുവരെ ആകെ മരണം 32 ആയി. 3250 പേർക്ക് പരിക്കേറ്റതായും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. വാക്കി ടോക്കി ആക്രമണത്തിൽ ഇനിയും കൂടുതൽ പേർ ഇരയായിട്ടുണ്ടാകാമെന്ന് ലെബനൻ ആരോഗ്യമന്ത്രി ഫിറാസ് അബിയാദ് പറഞ്ഞു. ഇതുകൂടാതെ റേഡിയോകൾ, ലാപ്ടോപ്പുകൾ, സോളാർ പവർ പാനലുകൾ അടക്കമുള്ള മറ്റുപകരണങ്ങളും പലയിടത്തും പൊട്ടിത്തെറിക്കുന്നുണ്ടെന്നും അൽജസീറ റിപ്പോർട്ട് ചെയ്യുന്നു.

കുറ്റവാളികളായ ശത്രുരാജ്യം നടത്തിയ കൂട്ടക്കൊലയ്ക്കും വഞ്ചനാപരമായ ആക്രമണത്തിനും ദൈവസഹായത്താൽ കണക്കുചോദിക്കുമെന്ന് ഹിസ്ബുള്ള പ്രതികരിച്ചു. ഇതുകൊണ്ടൊന്നും ഗാസയിലെ ഹമാസിന്റെ ചെറുത്തുനിൽപ്പിനെ പിന്തുണയ്ക്കുന്നത് അവസാനിപ്പിക്കില്ലെന്നും വ്യക്തമാക്കി. ആക്രമണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇസ്രയേലിനാണെന്നും തീർച്ചയായും തിരിച്ചടിക്കുമെന്നും അവർ പറഞ്ഞു.

കോഡ് സന്ദേശം ലഭിച്ചാൽ പൊട്ടിത്തെറിക്കാൻ പാകത്തിലുള്ള സ്ഫോടകവസ്തുക്കൾ നിർമാണ ഘട്ടത്തിൽത്തന്നെ പകരണങ്ങളിൽ ഉൾപ്പെടുത്തിയിരുന്നതായാണ് കരുതുന്നത്. സ്കാനറുകളുപയോഗിച്ചുപോലും കണ്ടെത്താനാകാത്ത സൂക്ഷ്മഘടകങ്ങളായിരുന്നു ഇവ. കോഡ് സന്ദേശം ലഭിച്ചപ്പോഴാണ് പേജറുകളും വോക്കി ടോക്കികളും പൊട്ടിയതെന്ന് ലെബനീസ് രഹസ്യാന്വേഷണവിഭാഗം പറയുന്നു.

ഇസ്രയേൽ ചാരന്മാരാണ് ഉപകരണങ്ങളിൽ സ്ഫോടകവസ്തുക്കൾ ഒളിപ്പിച്ചുവെച്ചതെന്നാണ് അടുത്തവൃത്തങ്ങളെ ഉദ്ധരിച്ച് മാധ്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. രാജ്യത്തെത്തുന്നതിന് മുമ്പ് തന്നെ ഇസ്രയേൽ ചാരന്മാർ ഇത് ചെയ്തു കഴിഞ്ഞിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. പൊട്ടിത്തെറിക്കു സെക്കൻഡുകൾ മുൻപ് പേജറുകളിൽ സാധാരണ സന്ദേശങ്ങൾ വരുമ്പോഴുണ്ടാകാറുള്ള ബീപ് ശബ്ദം മുഴങ്ങിയിരുന്നു. അത് കേട്ട് മെസേജ് വായിക്കാനെടുത്തതിനാലാവാം മിക്കവർക്കും മുഖത്തും കണ്ണിനും പരിക്കേറ്റതെന്നുമാണ് കരുതുന്നത്. ഇസ്രയേലിന്റെ നിരീക്ഷണത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഹിസ്ബുള്ള അംഗങ്ങൾ ആശയവിനിമയത്തിനായി മൊബൈൽ ഫോണുകൾ ഒഴിവാക്കി പേജറുകളും മറ്റു ചെറു ഉപകരണങ്ങളും ഉപയോഗിക്കുന്നത്.

എഡിജിപിക്കെതിരെ ഉടൻ നടപടി വേണം: സിപിഐ

തിരു : എഡിജിപി എംആർ അജിത് കുമാറിനെ മാറ്റണമെന്ന് വീണ്ടും ആവശ്യപ്പെട്ട് സിപിഐ. ക്രമസമാധാന ചുമതലയുള്ള എഡിജിപി സ്ഥാനത്ത് നിന്നും മാറ്റണമെന്നാണ് ആവശ്യം. പാർട്ടി മുഖപത്രത്തിൽ സിപിഐ ദേശീയ നിർവാഹ സമിതി അംഗമായ പ്രകാശ് ബാബു എഴുതിയ ലേഖനത്തിലാണ് ആവശ്യം.

ആർഎസ്എസ് നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയത് എന്തിനെന്നറിയണം. കൂടിക്കാഴ്ച ഔദ്യോഗികമാണോ അതോ വ്യക്തിപരമാണോ എന്ന് അജിത് കുമാർ പറയണം. അജിത് കുമാർ സർക്കാരിനെ പ്രതിസന്ധിയിലാക്കിയെന്നും ലേഖനത്തിൽ പറയുന്നുണ്ട്.

ആർഎസ്എസ് എന്ന സംഘടനയുടെ രണ്ട് ദേശീയ നേതാക്കളെ തികച്ചും മെച്ചപ്പെട്ട ക്രമസമാധാനം നിലനിൽക്കുന്ന കേരളത്തിൽ പ്രത്യേകിച്ച് വർഗീയ സംഘർഷങ്ങളൊന്നും ഇല്ലാത്ത ഒരു സന്ദർഭത്തിൽ സംസ്ഥാനത്തെ ഉന്നത പോലീസുദ്യോഗസ്ഥൻ എന്തിനാണ് രഹസ്യമായി സന്ദർശിച്ചത് എന്നറിയാൻ ഏവർക്കും താല്പര്യമുണ്ട്. ഔദ്യോഗികമോ വ്യക്തിപരമോ ആയ എന്താവശ്യത്തിനാണ് അവരെ താൻ സന്ദർശിച്ചതെന്ന് പറയാനുള്ള ബാധ്യത ആ ഉദ്യോഗസ്ഥനുണ്ട്.

കൂടിക്കാഴ്ച ഔദ്യോഗികമായിരുന്നോ അതോ വ്യക്തിപരമായിരുന്നോ എന്ന് പറയാനുള്ള ബാദ്ധ്യത എഡിജിപിക്കുണ്ട്. കുറഞ്ഞപക്ഷം പോലീസ് മേധാവിയെയോ ആഭ്യന്തര വകുപ്പിനെയോ രേഖാമൂലം എങ്കിലും കാര്യങ്ങൾ അറിയിക്കേണ്ടതാണ്. അജിത് അതിന് തയ്യാറായില്ലെങ്കിൽ സ്ഥാനത്ത് നിന്നും മാറ്റണം.

ജനകീയ സർക്കാരിന്റെ ജനപക്ഷ നിലപാടിനെ ബോദ്ധ്യപ്പെടാത്ത ഉദ്യോഗസ്ഥൻ സർക്കാരിനെ പ്രതിസന്ധിയിലാക്കും. അത്തരം അവസ്ഥയാണ് എഡിജിപി വരുത്തിവച്ചത്. അജിത്തിനെതിരായ നടപടി വൈകുന്നതിനനുസരിച്ച് എൽഡിഎഫിനാണ് മങ്ങലേൽക്കുന്നത്. ജനങ്ങൾക്കിടയിൽ സംശയമുണ്ടാകും അതിനാൽ നടപടി നീളരുത്. ഈ വിഷയത്തിൽ നടപടി സ്വീകരിക്കാൻ അന്വേഷണ റിപ്പോർട്ടിന്റെ ആവശ്യമില്ലെന്നും ഇത്തരം വിഷയം രാഷ്ട്രീയ വിഷയമായി കാണണം.

പണിക്കവീട്ടിൽ കമറുദ്ദീൻ അന്തരിച്ചു

തൃശൂർ:സംസ്ഥാനത്തെ ഏറ്റവും ഉയരമുള്ള വ്യക്തി പാവറട്ടി പുതുമനശ്ശേരി സ്വദേശി പണിക്കവീട്ടിൽ കമറുദ്ദീൻ അന്തരിച്ചു. മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിലിരിക്കയാണ് അന്ത്യം.

പ്രായപൂർത്തിയായില്ലേ? ഇൻസ്റ്റയിൽ ഇനി അപരിചിതരുമായി ചാറ്റാനാവില്ല

ന്യൂഡൽഹി: പ്രായപൂർത്തിയാകാത്ത നിങ്ങളുടെ മക്കൾ ഇൻസ്റ്റയിൽ കൂടുതൽ നേരം ചിലവഴിക്കുമ്പോൾ നിങ്ങൾ ടെൻഷനാകാറുണ്ടോ? ഒരു പരിചയവുമില്ലാത്തവരുമായി അവർ ചാറ്റ് ചെയ്യുന്നുണ്ടോ? സെൻസിറ്റീവായ കണ്ടൻറുകൾ അവരുടെ ഫീഡിലെത്തുന്നുണ്ടോ? ഇതൊന്നുമോർത്ത് ഇനി ടെൻഷൻ വേണ്ട. 18 വയസിൽ താഴെയുള്ളവരുടെ ഇൻസ്റ്റ അക്കൗണ്ടുകൾ ഇനി ടീൻ അക്കൗണ്ട് സെറ്റിങ്സിലേക്ക് മാറും.

അക്കൗണ്ട് ഉടമയുമായി ആർക്കൊക്കെ ചാറ്റ് ചെയ്യാനാകും, എന്തൊക്കെ കണ്ടൻറുകൾ കാണാനാകും എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടില്ലെങ്കിൽ പോലും രക്ഷിതാക്ക്ക്ക് ഇനി ലഭ്യമാകും. പ്രായപൂർത്തിയാകാത്തവരുടെ ഇൻസ്റ്റ അക്കൗണ്ട് 60 ദിവസത്തിനകം ടീൻ അക്കൗണ്ടുകളാവുമെന്നാണ് ഇൻസ്റ്റ മേധാവി ആദം മൊസേരി വ്യക്തമാക്കുന്നത്. 16 വയസിൽ താഴെയുള്ളവർക്ക് അക്കൗണ്ട് സെറ്റിങ്സ് മാറ്റണമെങ്കിൽ രക്ഷിതാക്കളുടെ അനുമതി വേണ്ടിവരും.

13നും 17നുമിടയിൽ പ്രായമുള്ളവർക്ക്, അക്കൗണ്ട് പ്രൈവറ്റ് ആക്കിയേ മതിയാകൂ.

നരേന്ദ്രൻ മാസ്റ്റർ നിര്യാതനായി

ആയിരംകണ്ണി: കടവിൽ രാമൻ മകൻ നരേന്ദ്രൻ മാസ്റ്റർ (88) നിര്യാതനായി. വലപ്പാട് കരയാമുട്ടം യു പി സ്കൂളിലെ അധ്യാപകനായിരുന്നു. റിട്ടയർമെന്റിനുശേഷം കലാ - കായിക, സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചുവന്നു. എസ്എൻഡിപി യോഗം ആയിരംകണ്ണി ശാഖയുടെ സ്ഥാപക സെക്രട്ടറി ആയിരുന്നു. ദീർഘകാലം ശാഖയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. തൃത്തല്ലൂർ ശാഖയുടെ സെക്രട്ടറിയുമായിരുന്നു.

ആയിരംകണ്ണി ബ്രദേഴ്സ് സൊസൈറ്റിയുടെ മുൻ സെക്രട്ടറിയും രക്ഷാധികാരിയും ആയിരുന്നു.



ഭാര്യ കമലാഭായ് ടീച്ചർ. മക്കൾ : സോനാ പ്രവീൺ, സാര വിനീത്. സംസ്ക്കാര ഇന്ന് രാവിലെ 9 മണിക്ക് വീട്ടുവളപ്പിൽ നടത്തപ്പെട്ടു.

പൾസർ സുനിയുടെ ജയിൽ മോചനം ഇനിയും നീളും; രണ്ട് കേസുകളിൽ കൂടി ജാമ്യനടപടി നേരിടണം

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ജാമ്യം ലഭിച്ച പൾസർ സുനിയുടെ ജയിൽ മോചനം നീളും. മറ്റ് രണ്ട് കേസുകളിൽക്കൂടി ജാമ്യ നടപടികൾ പൂർത്തിയാക്കാനുള്ളതിനാലാണ് ജയിൽമോചനം നീളുന്നത്. കഴിഞ്ഞ ദിവസമാണ് നടിയെ ആക്രമിച്ച കേസിലെ ഒന്നാം പ്രതിയായ പൾസർ സുനിക്ക് ഏഴര വർഷത്തിന് ശേഷം സുപ്രീം കോടതിയിൽ നിന്ന് ജാമ്യം ലഭിച്ചത്.

കോട്ടയത്ത് കവർച്ച നടത്തിയ കേസിലും നടിയെ ആക്രമിച്ച കേസിൽ റിമാൻഡിലായിരിക്കെ കാക്കനാട് ജില്ലാ ജയിലിൽ നിന്ന് ഫോൺവിളിച്ച കേസിലുമാണ് ഇനി ജാമ്യ നടപടികൾ നേരിടാനുള്ളത്. പൾസർ സുനിയെ ഒരാഴ്ചയ്ക്കകം വിചാരണക്കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിടാനാണ് സുപ്രീം കോടതി നിർദേശിച്ചത്. ജാമ്യ വ്യവസ്ഥ എന്താണ് എന്നത് വിചാരണ കോടതിക്ക് തീരുമാനിക്കാമെന്നും കോടതി വ്യക്തമാക്കിയിരുന്നു.

അതേസമയം, നടിയെ ആക്രമിച്ച കേസിൽ ജാമ്യം ലഭിച്ചതിനെ തുടർന്ന് പൾസർ സുനിയുടെ അഭിഭാഷകൻ കൊച്ചിയിലെ പ്രത്യേക കോടതിയിൽ ഹർജി നൽകുമെന്നാണ് വിവരം. സുനിയെ കോടതിയിൽ ഹാജരാക്കി ജാമ്യവ്യവസ്ഥകൾ നൽകി ജാമ്യം അനുവദിക്കണമെന്നാണ് അഭിഭാഷകൻ കോടതിയോട് ആവശ്യപ്പെടുക.

മകളുടെ വിവാഹത്തിന് നാട്ടിലെത്തി, വിമാനത്താവളത്തിൽ നിന്ന് വീട്ടിലേക്ക് പോകുന്നതിനിടെ അച്ഛനും മകളും അപകടത്തിൽ മരിച്ചു

ആലപ്പുഴ: ദേശീയപാതയിൽ നിർത്തിയിട്ടിരുന്ന ലോറിക്ക് പിന്നിൽ കാറിടിച്ചുകയറി അച്ഛനും മകളും മരിച്ചു. വള്ളിക്കുന്നം സ്വദേശി സത്താർ, മകൾ ആലിയ (20) എന്നിവരാണ് മരിച്ചത്. ആലപ്പുഴ ഹരിപ്പാട് കെ വി ജെട്ടി ജംഗ്ഷനിലായിരുന്നു അപകടം. ഇന്നോവ കാറാണ് അപകടത്തിൽപ്പെട്ടത്.

ഏറെനാളായി വിദേശത്തായിരുന്ന സത്താർ മകൾ ആലിയയുടെ വിവാഹത്തിനായി നാട്ടിലെത്തിയതായിരുന്നു. വിമാനത്താവളത്തിൽ നിന്ന് വീട്ടിലേക്ക് പോകുന്നതിനിടെയായിരുന്നു അപകടം. ഡ്രൈവർ ഉറങ്ങിപ്പോയതാവും അപകടത്തിന് കാരണമെന്നാണ് കരുതുന്നത്. അപകടത്തിൽ കാർ ഏറക്കുറെ പൂർണമായും തകർന്നു. നാട്ടുകാരാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. ഇരുവരെയും പുറത്തെടുത്ത് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

മറ്റൊരു വാഹനാപകടത്തിൽ രണ്ട് യുവാക്കൾ മരിച്ചു

തൃപ്രയാർ: വാഹനാപകടത്തിൽ 2 യുവാക്കൾ മരിച്ചു. തൃപ്രയാർ സെന്ററിനടുത്ത് യുവാക്കൾ സഞ്ചരിച്ചിരുന്ന സ്കൂട്ടറും കണ്ടെയ്നർ ലോറിയും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. ഇന്നുപുലർച്ചെ രണ്ടുമണിയോടെ ചാവക്കാട് കൊടുങ്ങല്ലൂർ ദേശീയപാത 66ൽ വി.ബി. മാളിന് സമീപമായിരുന്നു അപകടം. വലപ്പാട് കോതകുളം ബീച്ച് സ്വദേശിയാണ് ആശീർവാദ്, വലപ്പാട് മാലാഖ വളവ് സ്വദേശിയാണ് ഹാഷിം എന്നിവരാണ് മരിച്ചത്. ഇവർക്കൊപ്പം ഉണ്ടായിരുന്ന മറ്റൊരു യുവാവിനെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നാട്ടുകാരും പൊലീസുമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. യുവാക്കളെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. അപകടത്തിന് കാരണം എന്താണെന്ന് വ്യക്തമല്ല.

നിർഭയ കേന്ദ്രത്തിൽനിന്ന് കാണാതായ മൂന്നാമത്തെ പെൺകുട്ടിയേയും കണ്ടെത്തി

പാലക്കാട്: നിർഭയ കേന്ദ്രത്തിൽനിന്ന് കാണാതായ മൂന്നാമത്തെ പെൺകുട്ടിയേയും കണ്ടെത്തി. 14-കാരിയായ പെൺകുട്ടി തമിഴ്നാട്ടിലെ ഡിണ്ടിഗലിലുള്ള ബന്ധുവീട്ടിലായിരുന്നു ഉണ്ടായിരുന്നത്. കാണാതായ 17-കാരിയായ രണ്ടാമത്തെ കുട്ടിയെ ഇന്ന് രാവിലെ മണ്ണാർക്കാടുവെച്ച് സുഹൃത്തിനൊപ്പം കണ്ടെത്തിയിരുന്നു. ഇരുവർക്കുമൊപ്പം നിർഭയ കേന്ദ്രത്തിൽനിന്ന് ചാടിപ്പോയ 17-കാരിയായ മറ്റൊരു പെൺകുട്ടിയെ ബുധനാഴ്ച തന്നെ പോലീസ് കണ്ടെത്തിയിരുന്നു.

തിങ്കളാഴ്ച രാത്രി പത്തുമണിയോടെയാണ് നിർഭയ കേന്ദ്രത്തിൽനിന്ന് സുരക്ഷാജീവനക്കാരുടെ കണ്ണുവെട്ടിച്ച് മൂന്ന് പെൺകുട്ടികളും കടന്നുകളഞ്ഞത്. തുടർന്ന് പോലീസ് അന്വേഷണം വിപുലമാക്കിയിരുന്നു. നാല് സംഘങ്ങളായി തിരിഞ്ഞായിരുന്നു തിരച്ചിൽ.

മൂന്ന് പെൺകുട്ടികളും നേരത്തെയും സമാനരീതിയിൽ നിർഭയ കേന്ദ്രത്തിൽനിന്ന് ചാടിപ്പോയിരുന്നതായാണ് വിവരം. അന്ന് മണിക്കൂറുകൾക്കുള്ളിൽ പോലീസ് ഇവരെ കണ്ടെത്തുകയും തിരികെ എത്തിക്കുകയും ചെയ്തിരുന്നു. തുടർന്ന് കൗൺസിലിങ് ഉൾപ്പെടെ നൽകിയിരുന്നെങ്കിലും ഇവർ വീണ്ടും പുറത്തുപോകാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതായാണ് വിവരം. ഇതിലൊരാൾ പോക്സോ കേസ് അതിജീവിതയാണ്.

കോഴിക്കോട് മഞ്ഞപ്പിത്തം വ്യാപിക്കുന്നു

കോഴിക്കോട്: കോഴിക്കോട് പേരാമ്പ്ര ചങ്ങരോത്ത് പഞ്ചായത്തിൽ 200-ഓളം പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. രോഗം ബാധിച്ചവരിൽ ഭൂരിഭാഗവും വിദ്യാർഥികളാണ്. പാലേരി വടക്കുമ്പാട് എച്ച്.എസ്.എസിലെ വിദ്യാർഥികൾക്കിടയിലാണ് രോഗം വ്യാപിക്കുന്നത്. ചങ്ങരോത്ത് പഞ്ചായത്തിലെ പതിനെട്ടു വാർഡുകളിലും രോഗബാധയുണ്ടെന്നാണ് വിവരം. ആരോഗ്യപ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. അതേസമയം രോഗകാരണ സ്രോതസ് എന്താണെന്ന് വ്യക്തമായിട്ടില്ല.

കോഴിക്കോട്ടെ വനിതാ സഹകരണസംഘത്തിൽ കോടികളുടെ തട്ടിപ്പ്; മുൻ സെക്രട്ടറി അറസ്റ്റിൽ

കോഴിക്കോട്: ഉണ്ണികുളം വനിതാ സഹകരണസംഘത്തിൽ നടന്ന കോടികളുടെ സാമ്പത്തികത്തട്ടിപ്പുമായി ബന്ധപ്പെട്ട് ആരോപണവിധേയയായ മുൻ സെക്രട്ടറി അറസ്റ്റിൽ. സംഭവത്തിന്റെ പശ്ചാത്തലത്തിൽ സസ്പെൻഷനിലായ ഇയ്യാട് സ്വദേശിനി പി.കെ. ബിന്ദുവിനെ (54)യാണ് ബാലുശ്ശേരി പോലീസ് ബുധനാഴ്ച വീട്ടിൽനിന്ന് അറസ്റ്റുചെയ്തത്.

സഹകരണസംഘത്തിന്റെയും പണം നഷ്ടമായ നിക്ഷേപകരുടെയും ആക്ഷൻ കമ്മിറ്റിയുടെയും പരാതിയെത്തുടർന്നാണ് നടപടി. ഏഴുകോടിയോളം രൂപയുടെ തട്ടിപ്പ് നടന്നതായാണ് സഹകരണസംഘത്തിന്റെ പ്രാഥമിക നിഗമനം. എന്നാൽ, തട്ടിപ്പിന്റെ വ്യാപ്തി പത്തുകോടിയോളം വരുമെന്നാണ് ഇടപാടുകാരുടെ ആരോപണം.

അതേസമയം, സഹകരണവകുപ്പിന്റെ അന്തിമഓഡിറ്റ് റിപ്പോർട്ട് കിട്ടിയശേഷം മാത്രമേ എത്ര കോടിയുടെ തട്ടിപ്പ് നടന്നെന്ന് സ്ഥിരീകരിക്കാനാവൂവെന്ന് പോലീസ് അറിയിച്ചു. ബാലുശ്ശേരി എസ്.ഐ.മാരായ സുജിലേഷ്, ജയന്ത് എന്നിവരുടെ നേതൃത്വത്തിൽ സാലിക, മഞ്ജു, ലെനീഷ്, രതീഷ് എന്നിവരുൾപ്പെട്ട സംഘമാണ് അറസ്റ്റുചെയ്തത്. പേരാമ്പ്ര കോടതിയിൽ ഹാജരാക്കിയ ബിന്ദുവിനെ റിമാൻഡ് ചെയ്തു.

1992-ൽ രൂപവത്കരിച്ച കാലം മുതൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ഡയറക്ടർ ബോർഡ് ഭരിക്കുന്ന സൊസൈറ്റിയിൽ 2019-21 കാലയളവിലാണ് തട്ടിപ്പ് നടന്നത്. കൃത്രിമരേഖകളുണ്ടാക്കി വായ്പയെടുത്തും നിക്ഷേപങ്ങൾ സ്വീകരിച്ചും ബോണ്ടുകളിൽനിന്ന് വായ്പയെടുത്തും സൊസൈറ്റിയുടെ വരുമാനം വകമാറ്റിയുമെല്ലാമായിരുന്നു ഭരണസമിതി അറിയാതെയുള്ള തട്ടിപ്പ്

13 ഇടപാടുകാരുടെ പേരിൽ വ്യാജരേഖകൾ ഉണ്ടാക്കി 65 ലക്ഷത്തോളം രൂപ വായ്പയെടുക്കുകയും, അഞ്ച് ഇടപാടുകാരുടെ പേരിൽ കുറിവിളിച്ചെടുത്ത് പണംവാങ്ങി തിരിച്ചടവ് നടത്താതിരിക്കുകയും ചെയ്തു. ബാങ്കിങ് ഇടപാടുകൾക്കൊപ്പം പേപ്പർ ബാഗ്, തുണിസഞ്ചി, ചണബാഗ്, ഫയലുകൾ, എക്സ്റേ-സ്കാനിങ് ഫിലിം കവറുകൾ തുടങ്ങിയവയുടെ നിർമാണയൂണിറ്റുകൂടി ഉൾപ്പെട്ട സൊസൈറ്റിയുടെ ഈയിനത്തിലെ വരുമാനവും വകമാറ്റപ്പെട്ടു. മുൻവർഷങ്ങളിലെ ഓഡിറ്റിങ്ങിലൊന്നും ക്രമക്കേടിന്റെ വ്യാപ്തി വ്യക്തമായിരുന്നില്ല.

പ്രസിഡന്റ് കെ.പി. ഷൈനിയുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി അധികാരമേറ്റതിനുശേഷം വായ്പത്തിരിച്ചടവ് മുടങ്ങിയവർക്ക് നോട്ടീസ് അയക്കുകയും തുടർന്ന് കണക്കുകൾ പരിശോധിക്കുകയും ചെയ്തപ്പോഴാണ് വർഷങ്ങളായി നടന്ന തട്ടിപ്പ് പുറത്തായത്

അരിയിൽ ഷുക്കൂർ വധം: പി ജയരാജനും ടിവി രാജേഷിനും കനത്ത തിരിച്ചടി, വിടുതൽ ഹർജി കോടതി തള്ളി

കൊച്ചി: അരിയിൽ ഷുക്കൂർ വധക്കേസിൽ സിപിഎം കണ്ണൂർ ജില്ലാ മുൻ സെക്രട്ടറി പി ജയരാജനും മുൻ എംഎൽഎ ടിവി രാജേഷിനും കനത്ത തിരിച്ചടി. ഇവർ നൽകിയ വിടുതൽ ഹർജി കൊച്ചിയിലെ പ്രത്യേക സിബിഐ കോടതി തള്ളുകയായിരുന്നു. ഗൂഢാലോചന കുറ്റമാണ് ഇരുവർക്കുമെതിരെ സിബിഐ ചുമത്തിയിട്ടുള്ളത്.

കൊലപാതകത്തിനായി ഗൂഢാലോചന നടന്നെന്നത് തെളിയിക്കുന്നതിനുള്ള സാക്ഷി മൊഴികൾ ഉണ്ടെന്നും ജയരാജന്റെയും, ടി വി രാജേഷിന്റെയും പങ്ക് തെളിയിക്കുന്ന ഫോൺ രേഖകളും, സാക്ഷിമൊഴികളും സാഹചര്യത്തെളിവുകളുമുണ്ടെന്നും ഷുക്കൂറിന്റെ മാതാവിനുവേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചിരുന്നു.

സംസ്ഥാനത്ത് ഏറെ കോളിളക്കമുണ്ടാക്കിയ ഒന്നാണ് ഷുക്കൂർ വധം. മുസ്ലീംലീഗിന്റെ വിദ്യാർത്ഥി സംഘടനയായ എംഎസ്എഫിന്റെ പ്രാദേശിക പ്രവർത്തകനായിരുന്ന ഷുക്കൂർ 2012 ഫെബ്രുവരി 20 നാണ് കൊല്ലപ്പെട്ടത്. പി ജയരാജനും ടി വി രാജേഷുമടക്കമുള്ളവർ സഞ്ചരിച്ച വാഹനം തളിപ്പറമ്പിന് സമീപത്തുള്ള പട്ടുവത്ത് വച്ച് തടഞ്ഞ് യൂത്ത് ലീഗ് പ്രവർത്തകർ ആക്രമിച്ചിരുന്നു. ഈ സംഭവം കഴിഞ്ഞ് ഏതാനും മണിക്കൂറുകൾക്കകമാണ് ചെറുകുന്ന് കീഴറയിൽ വച്ചാണ് ഷുക്കൂർ കൊല്ലപ്പെട്ടത്. അക്രമികൾ വിചാരണ നടത്തിയശേഷം കീഴാറയിലെ ഒരു പാടത്തിട്ട് കുത്തി കൊലപ്പെടുത്തുകയായിരുന്നു.

വാഹനം ആക്രമിക്കപ്പെട്ടതിനെത്തുടർന്ന് പി ജയരാജനെയും ടി വി രാജേഷിനെയും പ്രവേശിപ്പിച്ച തളിപ്പറമ്പ് സഹകരണ ആശുപത്രി കേന്ദ്രീകരിച്ചാണ് സിപിഎം പ്രാദേശിക നേതാക്കൾ ആക്രമണത്തിന് ആസൂത്രണം ചെയ്തതെന്നും ഇത് ജയരാജനും രാജേഷിനും അറിയാമായിരുന്നെന്നും കുറ്റപത്രത്തിൽ പറയുന്നു.

പോലീസ് അ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കെ എം റോയ് സത്യസന്ധനായ പത്രപ്രവർത്തകൻ: പ്രൊഫ . എം കെ സാനു

കൊച്ചി: സധൈര്യം സത്യ സന്ധമായി മാധ്യമ പ്രവർത്തനം നടത്തിയ ബഹുമുഖ പ്രതിഭയായിരുന്നു പത്രപ്രവർത്തകനും രാഷ്ട്രീയ നിരീക്ഷകനും ഗ്രന്ഥകാരനുമായിരുന്ന കെ എം റോയ് എന്ന് പ്രൊഫ . എം കെ സാനു പറഞ്ഞു.

കെ എം റോയിയുടെ മൂന്നാം ചരമ വർഷികത്തോടനുബന്ധിച്ച് കെ എം റോയ് ഫൗണ്ടേഷൻ ഫോർ മീഡിയ, ചാവറ കൾചറൽ സെന്ററിന്റെ സഹകരണത്തോടെ നടത്തിയ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സാനു മാസ്റ്റർ.

കാലത്തിന് മുൻപേ സഞ്ചരിച്ച പത്രപ്രവർത്തകനും രാഷ്ട്രീയ നിരീക്ഷകനുമായിരുന്നു കെ എം റോയി എന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ അഡ്വ. തമ്പാൻ തോമസ് അഭിപ്രായപ്പെട്ടു .

സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ വി തോമസ്, എറണാകുളം പ്രസ്ക്লബ് പ്രസിഡന്റ് ആർ ഗോപകുമാർ, സീനിയർ ജേണലിസ്റ്റ്സ് ഫോറം ജില്ലാ പ്രസിഡന്റ് ആർ എം ദത്തൻ എന്നിവരും പ്രസംഗിച്ചു.

കെ എം റോയ് ഫൗണ്ടേഷൻ ഫോർ മീഡിയ പ്രസിഡന്റ് എ മാധവൻ അദ്ധ്യക്ഷത വഹിച്ചു. ചാവറ കൾചറൽ സെന്റർ ഡയറക്റ്റർ ഫാ അനിൽ ഫിലിപ്പ് സി എം ഐ സ്വാഗതവും കെഎം റോയ് ഫൗണ്ടേഷൻ ഫോർ മീഡിയ സെക്രട്ടറി അഡ്വ. മനു റോയ് നന്ദിയും പറഞ്ഞു.

കെ എം റോയ് അനുസ്മരണ സമ്മേളനം പ്രൊഫ. എം കെ സാനു ഉദ്ഘാടനം ചെയ്യുന്നു . ഫാ. അനിൽ ഫിലിപ്പ്, പ്രൊഫ. കെ വി തോമസ്, അഡ്വ . തമ്പാൻ തോമസ്, മനു റോയ്, എ മാധവൻ, ആർ ഗോപകുമാർ, ആർ എം ദത്തൻ സമീപം

ശ്രീജിത്ത് നമ്പൂതിരിയെ ഗുരുവായൂർ ക്ഷേത്രം പുതിയ മേൽശാന്തിയായി തിരഞ്ഞെടുത്തു



ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രം പുതിയ മേൽശാന്തിയായി വെള്ളറക്കാട് പുതുമനയിൽ ശ്രീജിത്ത് നമ്പൂതിരിയെ തിരഞ്ഞെടുത്തു. രാവിലെ കൂടിക്കാഴ്ചയ്ക്ക് ശേഷം ക്ഷേത്രം തന്ത്രി പി.സി.ദിനേശൻ നമ്പൂതിരിപ്പാടിന്റെ സാന്നിധ്യത്തിൽ ദേവസ്വം ഭരണ സമിതി മുമ്പാകെ നടന്ന അഭിമുഖത്തിൽ യോഗ്യരാണെന്ന് കണ്ടെത്തിയ അപേക്ഷകരുടെ പേരുകൾ വെള്ളികുടത്തിൽ നിക്ഷേപിച്ച് ഉച്ചപൂജയക്കു ശേഷം ഗുരുവായൂരപ്പസന്നിധിയിൽ വെച്ച് നടന്ന നറുക്കെടുപ്പിലാണ് ശ്രീജിത്ത് നമ്പൂതിരിയെ പുതിയ മേൽശാന്തിയായി തെരഞ്ഞെടുത്തത്.

ജില്ലാ വികസന സമിതി യോഗം 28 ന്

ജില്ലാ വികസന സമിതിയുടെ യോഗം സെപ്തംബർ 28 ന് രാവിലെ 11 ന് കളക്ടേറ്റ് എക്സിക്യൂട്ടീവ് കോൺഫറൻസ് ഹാളിൽ ചേരും.

കേരള പൊതുരേഖ ബിൽ; സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗങ്ങൾ 26 നും 27 നും

തൃശൂർ: 2023 ലെ കേരള പൊതുരേഖ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗങ്ങൾ സെപ്തംബർ 26 ന് എറണാകുളം ജില്ലയിലും സെപ്തംബർ 27 ന് കോഴിക്കോട് ജില്ലയിലും ചേരും. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചെയർപേഴ്സണായ സെലക്ട് കമ്മിറ്റി ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലുള്ളവർക്കായി സെപ്തംബർ 26 ന് രാവിലെ 10.30 ന് എറണാകുളം കളക്ടറേറ്റ് കോൺഫറസ് ഹാളിലും മലപ്പുറം വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്കായി സെപ്തംബർ 27 ന് രാവിലെ 10.30 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറസ് ഹാളിലും ചേരും. തെളിവെടുപ്പ് യോഗങ്ങളിൽ പൊതുജനങ്ങൾ, പുരാരേഖകളുടെ ശേഖരണവുമായി ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും.

2023 ലെ കേരള പൊതുരേഖ ബില്ലും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച ചോദ്യാവലിയും www.niyamasabha.org എന്ന നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഹോം പേജിലും പ്രീ-ലെജിസ്ലേറ്റീവ് പബ്ലിക് കൺസൾട്ടേഷൻ എന്ന ലിങ്കിലും ലഭ്യമാണ്. ബില്ലിലെ വ്യവസ്ഥകളിന്മേൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് യോഗത്തിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നേരിട്ടോ രേഖാമൂലമോ സമർപ്പിക്കാവുന്നതാണ്. കൂടാതെ 'അണ്ടർ സെക്രട്ടറി, നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭ, തിരുവനന്തപുരം-33' എന്ന മേൽവിലാസത്തിൽ രേഖാമൂലമോ legislation@niyamasabha.nic.in. എന്ന ഇ-മെയിൽ വിലാസത്തിലോ നവംബർ 15 വരെ അയച്ചു നൽകാവുന്നതാണ്.

ട്രേഡ്സ്മാൻ നിയമനം

തൃശ്ശൂർ: സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എം. സി.എ വിഭാഗത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ താത്ക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സെപ്തംബർ 24 ന് പരീക്ഷ/ കൂടിക്കാഴ്ച നടക്കും. കൂടുതൽ വിവരങ്ങൾക്കായി www.gectcr.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഇരിങ്ങാലക്കുടയിൽ പുരാതനമായ വൃത്തപ്പാട്ടുകൾ യു ആർ എഫ് ലോക റെക്കോർഡിലേക്ക്

ഇരിങ്ങാലക്കുട: പ്രശസ്ത കൈകൊട്ടിക്കളി കലാചാര്യയായ ഗുരു അണിമംഗലത്ത് സാവിത്രി അന്തർജ്ജനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'പുരാവൃത്തം' എന്ന മഹാസംഗമം സെപ്റ്റംബർ 21-ന് ഇരിങ്ങാലക്കുടയിലെ ശാന്തിനികേതൻ പബ്ലിക് സ്കൂളിൽ അരങ്ങേറുന്നു. രാവിലെ 6 മണി മുതൽ രാത്രി 12 മണി വരെ നീണ്ടുനിൽക്കുന്ന ഈ സംഗമം ഡഞഎ ലോക റെക്കോർഡ് ബുക്കിലേക്ക് കടക്കുകയാണ്.

50 വർഷങ്ങൾക്ക് മുമ്പ് ഇരിങ്ങാലക്കുടയിലെ മുത്തശ്ശിമാരും അമ്മമാരും ഓണവും തിരുവാതിരയും പോലുള്ള ആഘോഷങ്ങളിൽ പാടി കളിച്ചിരുന്ന 37 പുരാണകഥാഭാഗങ്ങൾ ഉൾക്കൊള്ളുന്ന 300-ലധികം വൃത്തപ്പാട്ടുകളാണ് ഈ ചടങ്ങിൽ പുനരാവിഷ്ക്കരിക്കപ്പെടുന്നത്. കേരളത്തിലെ 30-ലധികം പ്രശസ്ത കൈകൊട്ടിക്കളി സംഘങ്ങൾ തിരുവാതിരകളിയുടെ ആചാരങ്ങൾ പിന്തുടർന്ന് ഈ മഹാസംഗമത്തിൽ പങ്കുചേരും.

700-ലധികം കലാകാരികളുടെ സാന്നിദ്ധ്യത്തിൽ 18 മണിക്കൂറിൽ അധികം നീണ്ടുനിൽക്കുന്ന വൃത്തപ്പാട്ടുകൾ, കൈകൊട്ടിക്കളിയുടെ അകമ്പടിയോടെ ഡഞഎ ലോക റെക്കോർഡിലേക്ക് എത്തുന്നുവെന്നതാണ്ശ്രദ്ധേയമാകുന്നത്.. കലയുടെ പാരമ്പര്യം പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക, ഇതിന്റെ ലാളിത്യവും ആചാരപ്രാധാന്യവും ലോകമെമ്പാടും പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പരിപാടി, കലാ പുനരാവിഷ്ക്കാരത്തിന്റെ ഒരു നാഴികക്കല്ലായിരിക്കും.

സെപ്റ്റംബർ 20-ന് വൈകീട്ട് 5 മണിക്ക് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പരിപാടി ഉത്ഘാടനം ചെയ്യും. ഗിന്നസ് സുനിൽ ജോസഫ് മുഖ്യാതിഥിയായിരിക്കും. ചടങ്ങിൽ കടവല്ലൂർ ശ്രീദേവി അന്തർജനം, കാവനാട് സാവിത്രി അന്തർജനം, അണിമംഗലത്ത് സാവിത്രി അന്തർജനം എന്നിവരെ ആദരിക്കും.

സംഘാടക സമിതി ചെയർമാൻ സോണിയ ഗിരി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ യു. പ്രദീപ് മേനോൻ സ്വാഗതവും, പുത്തില്ലത്ത് ലീല അന്തർജനം നന്ദിയും പറയും. ഭാരവാഹികളായ യു. പ്രദീപ് മേനോൻ, സോണിയ ഗിരി, സാവിത്രി അന്തർജനം, അജിത് കുമാർ വി പി, എ. എസ്. സതീശൻ, പി. നന്ദകുമാർ ലീലാ അന്തർജനം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു

ഈ വർഷത്തെ ശബരിമല, മാളികപ്പുറം മേൽശാന്തി തുടങ്ങിയവരുടെ തെഞ്ഞെടുപ്പ്

തൃശൂർ:ഈ വർഷത്തെ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ തെഞ്ഞെടുപ്പുകൾക്കുള്ള അഭിമുഖം സെപ്റ്റംബർ 25, 26 തീയതികളിൽ തിരുവനന്തപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് നടക്കും.

ഇൻറർവ്യൂവിന് ശേഷം തുലാമാസം ഒന്നാം തീയതി സന്നിധാനത്ത് വച്ച് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പുതിയ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നത്. അർഹരായ അപേക്ഷകർക്ക് ഇൻറർവ്യൂ മെമ്മോ അയച്ചിട്ടുണ്ട്. മെമ്മോ ലഭിക്കാത്ത അപേക്ഷകർ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹെഡ് ഓഫീസുമായി ബന്ധപ്പെടുക.

പുലിക്കളി സമ്മാനങ്ങൾ

തൃശൂർ :പുലിക്കളി സമ്മാനങ്ങൾ പ്രഖ്യാപിച്ചു.ഒന്നാം സ്ഥാനം യുവജന സംഘം വിയ്യൂർ.

രണ്ടാം സ്ഥാനം കാനാട്ടുകര, മൂന്നാം സ്ഥാനം സീതാറാം മിൽ. ടാബ്ലോ ഒന്നാം സ്ഥാനം കാനാട്ടുകര, രണ്ടാം സ്ഥാനം സീതാറാംമിൽ, മൂന്നാം സ്ഥാനം ശങ്കരംകുളങ്ങര. മികച്ച പുലികൊട്ട് ഒന്നാം സ്ഥാനം യുവജന സംഘം വീയ്യൂർ, രണ്ടാം സ്ഥാനം സീതാറാം മിൽ, മൂന്നാം സ്ഥാനം കാനാട്ടുകര.മികച്ച പുലിവേഷം ഒന്നാം സ്ഥാനം യുവജന സംഘം വിയ്യൂർ,രണ്ടാം സ്ഥാനം സീതാറാംമിൽ, മൂന്നാം സ്ഥാനം കാനാട്ടുകര.

മികച്ച പുലിവണ്ടി ഒന്നാം സ്ഥാനം കാനാട്ടുകര, രണ്ടാം സ്ഥാനം യുവജന സംഘം വീയ്യൂർ, മൂന്നാം സ്ഥാനം ശങ്കരംകുളങ്ങര ദേശം.

ഗതാഗത നിയന്ത്രണം

കുന്നംകുളം: പുന്നയൂർകുളം ചങ്ങരംകുളം റോഡിൽ വയലോരഭാഗത്തെ ഇന്റർലോക്ക് ടൈൽ നിർമ്മാണം ഇന്ന് മുതൽ ആരംഭിക്കുന്നതിനാൽ ഇതുവഴിയുള്ള വാഹന ഗതാഗതം പൂർണ്ണമായും നിരോധിച്ചതായി ചാവക്കാട് പൊതുമരാമത്ത് നിരത്തുകൾ വിഭാഗം അസി. എഞ്ചിനീയർ അറിയിച്ചു. ഇതുവഴി പോകേണ്ട വാഹനങ്ങൾ എ.ഇ.ഒ ഓഫീസ്/ എരമംഗലം-ചങ്ങരംകുളം/ ആറ്റുപുറം-ചെമ്മണൂർ-ചങ്ങരംകുളം വഴി പോകണം.

വാരിയർ സമാജം ഓണാഘോഷം കുടുംബ സംഗമം നടത്തി

നെല്ലായി : സമസ്ത കേരള വാരിയർ സമാജം ഇരിങ്ങാലക്കുട യൂണിറ്റ് ഓണാഘോഷം - കുടുംബസംഗമം നെല്ലായി എൻ. എസ്. മഹേഷ് വാരിയരുടെ വസതിയിൽ നടന്നു. മുതിർന്ന അംഗം എം. വി. കൃഷ്ണൻകുട്ടി വാരിയർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് പി.വി. രുദ്രൻ വാരിയർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ വി. വി. ഗിരീശൻ മുഖ്യ പ്രഭാഷണം നടത്തി. മദ്ധ്യ മേഖല സെക്രട്ടറി എ. സി. സുരേഷ്, ജില്ല പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണവാര്യർ, ജില്ല സെക്രട്ടറി വി.വി. സതീശൻ, ടി. ഉണ്ണികൃഷ്ണൻ, ഉഷദാസ്, എ. അച്ചുതൻ, ടി.വി.രാജൻ വാരിയർ, ദുർഗ്ഗ ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. എസ്.എസ്. എൽ.സി., പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ഉപഹാരം നൽകി. മുതിർന്ന സമാജം അംഗങ്ങളെ പൊന്നാട ചാർത്തി ആദരിച്ചു. സമ്മേളനത്തിന് മുന്നോടിയായി നാമജപ ഘോഷയാത്ര നടത്തി. മാലകെട്ട് മത്സരത്തിൽ ഗീത ഈശ്വരൻ കുട്ടി, ഉഷദാസ്, വി. വി. സതീശൻ എന്നിവർ യഥാക്രമം ഒന്ന് രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കി വിവിധ കലാ-കായിക പരിപാടികളും നടന്നു.

എൻ.സി.സി ക്യാമ്പിൽ 'നേരുകട '

തൃശൂർ: പട്ടാള പരിശീലനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എൻസിസി ക്യാമ്പുകളിൽ സത്യവും നീതിയും പഠിപ്പിക്കുന്ന ഗാന്ധിയൻ ദർശനങ്ങളുടെ നേരു കട തുടർന്ന് 24 കേരള ബറ്റാലിയൻ എൻ.സി.സിയുടെ പരീശിലനക്യാമ്പ് വേറിട്ട മാതൃകയായി. തൃശ്ശൂർ പാലക്കാട് എറണാകുളം ആലപ്പുഴ മലപ്പുറം എന്ന ജില്ലകളിലെ കേഡറ്റുകളെ പരിശീലിപ്പിക്കുന്ന തൃശ്ശൂർ ചിന്മയ കോളേജിൽ നടക്കുന്ന എൻസിസി ദശദിനപരിശീലന ക്യാമ്പിലാണ് വേറിട്ട ഈ പദ്ധതി ആവിഷ്കരിച്ചത് കുട്ടികളിലെ സത്യസന്ധത അളക്കാനും അവർക്ക് ശരിയായ ധാർമിക മൂല്യങ്ങളുടെ ദിശാബോധം നൽകുന്നതിനും വേണ്ടിയാണ് ഇത്തരം ഒരു നേരുകട സജ്ജമാക്കിയത് എന്ന് ക്യാമ്പ് കമാൻഡൻറ് ലഫ്റ്റനന്റ് കേണൽ എം ടി ബ്രിജേഷ് പറഞ്ഞു. കുട്ടികൾക്ക് ആവശ്യമായ സോപ്പ്,പേസ്റ്റ്, പൗഡർ,സാനിറ്ററി പാഡുകൾ തുടങ്ങിയ സാധനങ്ങളാണ് നേരുകടയിൽ സജ്ജമാക്കിയത്.

കുട്ടികൾ കടയിൽ കയറുകയും ആവശ്യമുള്ള സാധനങ്ങൾ ശേഖരിച്ച് സഹായ മൂലയിൽ ചെന്ന് കാൽക്കുലേറ്ററിൽ പൈസ കണക്കാക്കി പെട്ടിയിൽ പൈസ നിക്ഷേപിക്കുന്ന രീതിയാണ് നേരുകടയിൽ നടപ്പിലാക്കിയത്. 'ആധുനിക മാധ്യമ ഉപയോഗവുംഎൻ സി സി പരിശീലന ക്യാമ്പുകളിൽ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി ഗൂഗിൾ പേ സൗകര്യവും നേരുകടയിൽ ഒരുക്കിയിരുന്നു. ക്യാമ്പിലെ സീനിയർ കേഡറ്റുകളായ ദീപക് വി.എസ് വി പി കൃഷ്ണഎന്നിവർ ചേർന്ന് നാട മുറിച്ച് നേരുകട കേഡറ്റുകൾക്കായി തുറന്നു കൊടുത്തു. ലഫ്റ്റനന്റ് കേണൽ എം.ടി. ബ്രിജേഷ് അധ്യക്ഷതവഹിച്ച യോഗത്തിൽ ഡെപ്യൂട്ടി ക്യാമ്പ് കമാൻഡന്റ് മേജർ പിജെ സ്റ്റൈജു നേരുകടയുടെ പ്രവർത്തന രീതികൾ കേഡറ്റുകൾക്ക് വിശദീകരിച്ചു കൊടുത്തു. ലഫ്റ്റനന്റുമാരായ ശിവരാമകൃഷ്ണൻ,അനുപ് എം.ആർ , റെയ്ന ,എൻസിസി ഓഫീസർമാരായ അദീബ് ഇ എ , നിഖിൽ സി.ജി. ഷിജി പൗലോസ്, സുബേദാർ മേജർ ബിജോയ് റായ് ജൂനിയർ സൂപ്രണ്ട് രാജൻ വി.കെ എന്നിവർ ആശംസകൾ നേർന്നു. കേഡറ്റുകളായ ഷിഖ എസ്, അനസ്, ഗോഡ്സൺ, ഗോവിന്ദ്, അതുൽ സ്നേഹ അഞ്ചന, എന്നിവർ നേരു കടയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

24 കേരള ബറ്റാലിയൻ എൻ.സി.സി കോലഴി ചിന്മയ കോളേജിൽ നടത്തുന്ന എൻ.സി.സി ദശദിന പരീശിലനക്യാമ്പിൽ സീനിയർ കേഡറ്റുകളായ ദീപക് വി എസ്.,വി.പി. കൃഷ്ണ എന്നിവർ ചേർന്ന് ക്യാമ്പിലെ നേരുകട ഉദ്ഘാടനം ചെയ്യുന്നു.

സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തുന്നു

ഗുരുവായൂർ : ചൊവ്വല്ലൂർ ഉദയ ഗ്രന്ഥശാല & ആർട്സ് ക്ലബ്ബിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി,സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. 2024 സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ കരിയന്നൂർ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന ഈ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പിൽ,അലോപ്പതി,ആയുർവേദം,ഹോമിയോ, യുനാനി, നേത്ര വിഭാഗം,കാൻസർ വിഭാഗം എന്നീ വൈദ്യശാസ്ത്ര വിഭാഗങ്ങളെ കോർത്തിണക്കി കൊണ്ടാണ് ഈ ക്യാമ്പ് നടത്തുന്നത്. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി ജയൻ അധ്യക്ഷയാകുന്ന പരിപാടിയിൽ, മണലൂർ എംഎൽഎ മുരളി പെരുനെല്ലി മെഗാ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം നിർവഹിക്കും. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മെമ്പർ എ .വി വല്ലഭൻ മുഖ്യാതിഥിയായിരിക്കും. ഡോക്ടർ ഷജീവ് വിഷയാവതരണം നടത്തും(വിഷയം:- ആരോഗ്യകരമായ ജീവിതത്തിന് എന്തെല്ലാം). ഉദയ ക്ലബ് സെക്രട്ടറി പി.എ മുസ്തഫ സ്വാഗതം പറയുന്ന ചടങ്ങിൽ ഒട്ടേറെ വിശിഷ്ട വ്യക്തികൾ ആശംസകൾ അർപ്പിക്കും. ക്ലബ്ബ് പ്രസിഡണ്ട് പി.വി ഫ്രാൻസിസ് നന്ദി പ്രകടനം നടത്തും

കൊടുങ്ങല്ലൂർ പതിയശ്ശേരി മങ്കാംപറമ്പ് തറവാട് സംഗമം (കസിൻസ് മീറ്റ്-2024) ഹോട്ടൽ ജെജെ കാസിൽ വെച്ച് നടന്നപ്പോൾ മുൻസംസ്ഥാന കൺസൂമർ കമ്മീഷൻ ആക്ടിംഗ് പ്രസിഡന്റ് അഡ്വ അബ്ദുള്ളസോണ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു. ഡോ. മുഹമ്മദ് ഉണ്ണി, സീതി മാസ്റ്റർ, എംഇസ്അസ്മാബി കോളേജ് പ്രിൻസിപ്പൽ ഡോ.റീന എന്നിവരേയും കാണാം. മുഹമ്മദ് അഷറഫ് സ്വാഗതവും ഫൗസിയ അഷറഫ് ആമുഖ പ്രഭാഷണവും നടത്തി.

കാഴ്ചക്കുല സമർപ്പണം

ഒരുമനയൂർ മാങ്ങോട്ട് ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ഒരുമനയൂർ എൻഎസ്എസ് കരയോഗം ഉത്രാട ദിവസത്തിൽ കാഴ്ചക്കുല സമർപ്പണം നടത്തി. ചടങ്ങുകൾക്ക് കരയോഗം സെക്രട്ടറി ശശി നായർ വട്ടേക്കാട്ട്, വൈസ് പ്രസിഡന്റ് ദിനേശ്, കരയോഗം കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

വയനാട് വഞ്ചനാദിനം ആചരിച്ചു

ഇരിങ്ങാലക്കുട : വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കള്ളക്കണക്കിലൂടെ ഫണ്ട് തട്ടിപ്പും ദുരുപയോഗവും നടത്തുന്ന എൽഡിഎഫ് സർക്കാരിന്റെയും ദുരന്തബാധിതർക്ക് അടിയന്തര സാമ്പത്തിക സഹായം നൽകുന്നതിൽ അലംഭാവം കാട്ടുന്ന കേന്ദ്ര സർക്കാരിന്റെയും നടപടിയിൽ പ്രതിഷേധിച്ച് ഇരിഞ്ഞാലക്കുട മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്തിൽ നടന്ന പ്രതിഷേധ പ്രകടനം രാജീവ് ഗാന്ധി മന്ദിരത്തിൽ നിന്നും ആരംഭിച്ച് ഠാണ ജംഗ്ഷനിൽ സമാപിച്ചു. തുടർന്ന് നടന്ന യോഗം കെ.പി.സി.സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് സി. എസ്. അബ്ദുൾ ഹഖ് അധ്യക്ഷത വഹിച്ചു. ഡി. സി. സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, ബ്ലോക്ക് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, മുൻ നഗരസഭാധ്യക്ഷ സുജ സജ്ജീവ് കുമാർ, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡണ്ട് സനൽ കല്ലുക്കാരൻ, യൂത്ത് മണ്ഡലം പ്രസിഡണ്ട് ജോമോൻ മണാത്ത്, മണ്ഡലം സെക്രട്ടറി എ.സി. സുരേഷ്, മുൻ മണ്ഡലം പ്രസിഡണ്ട് ജോസഫ് ചാക്കോ, സത്യൻ എം. എന്നിവർ പ്രസംഗിച്ചു. ബ്ലോക്ക് - മണ്ഡലം - യൂത്ത് കോൺഗ്രസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

സംരംഭകർക്കായി ഗ്രോത്ത് പൾസ് പരിശീലനം

തൃശൂർ: പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കീഡ്) 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

സെപ്തംബർ 24 മുതൽ 28 വരെ വരെ കളമശ്ശേരിയിലെ കീഡ് ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 3,540 രൂപയാണ് അഞ്ചു ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് ഫീസ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1000 രൂപ താമസം കൂടാതെയുമാണ് ഫീസ്. താത്പര്യമുള്ളവർ www.kied.info/training-calender/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സെപ്തംബർ 21 നകം അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890, 2550322, 9188922785.

വാഹനം ആവശ്യമുണ്ട്

തൃശ്ശൂർ: വനിതാ പ്രൊട്ടക്ഷൻ ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് നിബന്ധനകൾക്ക് വിധേയമായി കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനായി വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 4 ന് ഉച്ചയ്ക്ക് 2 വരെ. കൂടുതൽ വിവരങ്ങൾക്കായി അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ റൂം നമ്പർ 47 ൽ പ്രവർത്തിക്കുന്ന വനിതാ പ്രൊട്ടക്ഷൻ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2367100

നിര്യാതനായി

കോരത് അലക്സാണ്ടർ

ഗുരുവായൂർ: നാലാം വേലിൽ ഡോ. കോരത് അലക്സാണ്ടർ, (75) നിര്യാതനായി. ഭാര്യ-ഡോ. സൂസമ്മ അലക്സാണ്ടർ. മക്കൾ ഡോ. അന്ന രാജേഷ് (MDS) കോരത് അലക്സാണ്ടർ ജൂനിയർ (Sr സോഫ്റ്റ്‌വെയർ എഞ്ചിനീയർ നെസ്റ്റ് കാക്കനാട്). മരുമക്കൾ-രാജേഷ് വർഗ്ഗീസ് (സിവിൽ എഞ്ചിനീയർ) അനറ്റ് സൂസൻ തോമസ് (അക്കാദമിക് കോർഡിനേറ്റർ എറണാകുളം). സംസ്കാരം ഇന്ന് 3 മണിക്ക് ആർത്താറ്റ് മാർത്തോമാ പള്ളിയിൽ.

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
തെരഞ്